LIBRARY ARCHIVES Kerala Legislative Assembly

## മോഡൽ കോളനി വികസന പദ്ധതി

193 (4776) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബഹുവകുപ്പും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോഡൽ കോളനി വികസന പദ്ധതിയിലുൾപ്പെട്ട കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനിയിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) മാതൃകാ കോളനി സ്ഥാപിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 5 കോളനികളിൽ ഓരോ കോളനിയിലും 25 വീടുകൾ വീതം ആകെ 125 വീടുകൾ നിർമ്മിക്കുന്ന പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുകയാണ്. ഓരോ കോളനിയിലും വീട്, ടാറിട്ട റോഡ്, വൈദ്യുതി, കുടിവെള്ളം, കമ്മ്യൂണിറ്റി ഹാൾ, അംഗൻവാടി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം.

## വയനാട് ജില്ലയിലെ ഭവനരഹിതരായ കുടുംബങ്ങൾ

194 (4777) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബഹുവകുപ്പും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിൽ ഭവനരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട് എന്ന് നിയോജക മണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ?

ഉത്തരം

വയനാട് ജില്ലയിലെ ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ നിയോജക മണ്ഡലം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കല്പറ്റ | - | 1471 |
| സുൽത്താൻ ബത്തേരി | - | 3255 |
| മാനന്തവാടി | - | 4379 |
| ആകെ | | 9105 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.